എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡു നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം ആന്റ് ബി.സി ആക്കി ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണം

148 (2644) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 1-7-2011 മുതൽ 31-5-2015 വരെ എത്ര തുകയാണ് അനുവദിച്ചത് ;

(ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ ;

(സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തര ധനസഹായം ലഭ്യമാക്കുമോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1.7.2011 മുതൽ 31-5-2015 വരെ ദേശീയപാത വിഭാഗത്തിൻകീഴിൽ 5669.73 കോടി രൂപയും നിരത്തുവിഭാഗത്തിൻകീഴിൽ 400,18,09,688 രൂപയും (നാനൂറ് കോടി പതിനെട്ട് ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത്തിയെട്ട് രൂപ) അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെ അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വാളയാർ മണ്ണുത്തി ദേശീയപാത വികസനം

149 (2645) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ മണ്ണുത്തി ദേശീയപാത വികസനം നിർമ്മാണപ്രവൃത്തികൾ ഏതുവരെയായെന്നു വിശദമാക്കുമോ ; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട് ; വടക്കാഞ്ചേരി വരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ റോഡിൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ടോ ; നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകും മുമ്പേ ടോൾ പിരിക്കുന്നതിനെതിരെ ജനങ്ങൾ പ്രതിഷേധവുമായി രംഗത്തുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ടോൾ പിരിവിനുള്ള മാനദണ്ഡങ്ങൾ, കാലാവധി, പിരിവിന്റെ നിരക്ക് എന്നിവ വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണ പ്രവൃത്തികൾ, റോഡിനിരുവശത്തുമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ, മാനദണ്ഡങ്ങളുടെ ലംഘനം എന്നിവ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly